**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 319** **23-06-2026-ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ തൂഫാൻ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. പി. അഷ്റഫലി ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ഓപ്പറേഷൻ തൂഫാൻ എന്ന പദ്ധതിയെ കുറിച്ചും ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളെക്കുറിച്ചും വിശദമാക്കാമോ;

**മറുപടി:** സംസ്ഥാനത്ത് ലഹരി മരുന്ന് വ്യാപനം, ലഹരി മാഫിയ പ്രവർത്തനങ്ങൾ, ലഹരി ഉപയോഗം എന്നിവ നിയന്ത്രിക്കുന്നതിനായി 2026 ജൂൺ ആദ്യവാരത്തോടെ ഈ സർക്കാർ ആരംഭിച്ച ഏറ്റവും വലിയ ആന്റി-നാർക്കോട്ടിക്സ് പദ്ധതിയാണ് **ഓപ്പറേഷൻ തൂഫാൻ (Operation Toofan).** വിദ്യാലയങ്ങൾ, കോളേജുകൾ, പൊതുസ്ഥലങ്ങൾ, ഗതാഗത കേന്ദ്രങ്ങൾ, താമസ മേഖലകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വിൽപ്പന, സംഭരണം, വിതരണം, ഉപയോഗം എന്നിവ കണ്ടെത്തി കർശന നിയമനടപടികൾ സ്വീകരിച്ച് ലഹരി മാഫിയകളുടെ വേരറക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഉത്തര മേഖലാ ഐ.ജി.പി ആയ ശ്രീ. പുട്ട വിമലാദിത്യയെ ഓപ്പറേഷൻ തൂഫാന്റെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

02.06.2026 മുതൽ 17.06.2026 വരെ വിവിധ തരത്തിലുള്ള നിരോധിത മയക്കുമരുന്നുകൾ കൈവശം വച്ചതുമായി ബന്ധപ്പെട്ട് **2,954 കേസുകൾ** രജിസ്റ്റർ ചെയ്യുകയും **3,176 പേരെ അറസ്റ്റ്** ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ, COTPA നിയമപ്രകാരം **1,421 കേസുകൾ** കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി കേരള പോലീസ് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ 2,152-ലധികം ബോധവൽക്കരണ ക്ലാസുകളും 167 കൗൺസിലിംഗ് പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ട 12 പേരെ ഡി-അഡിക്ഷൻ സെന്ററുകളിലേക്ക് ചികിത്സയ്ക്കും പുനരധിവാസത്തിനുമായി റഫർ ചെയ്തിട്ടുണ്ട്. ലഹരിവസ്തുക്കളുടെ വിൽപ്പനയും ഉപയോഗവും സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് രഹസ്യമായി കൈമാറുന്നതിനായി 9497979794, 9497927797 എന്നീ ഫോൺ നമ്പറുകളിലും 9995966666 എന്ന വാട്ട്സ്ആപ്പ് നമ്പറിലൂടെയും വിവരം നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വിവരം നൽകുന്നവരുടെ Identity ഒരു കാരണവശാലും പുറത്തുപോകാതെ നോക്കുന്നതിന് വേണ്ട കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതിന്റെ ഭാഗമായി പൊതുജനങ്ങളിൽ നിന്ന് 1,600-ലധികം ഫോൺ കോളുകളും 1,116 വാട്ട്സ്ആപ്പ് സന്ദേശങ്ങളും ലഭിച്ചിട്ടുള്ളതും, ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തര നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി മയക്കുമരുന്ന് സംഘങ്ങളെ കണ്ടെത്തുന്നതിനുള്ള രഹസ്യാന്വേഷണം, അതിർത്തി ചെക്ക് പോസ്റ്റുകളിലെ പരിശോധനകൾ, വ്യാപക റെയ്ഡുകൾ എന്നിവ ഉൾക്കൊള്ളുന്ന **Toofan Strike,** സമൂഹത്തിലും വിദ്യാഭ്യാസ

സ്ഥാപനങ്ങളിലുമുള്ള ലഹരിവിരുദ്ധ ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിനായുള്ള **Toofan Warriors,** ലഹരിക്ക് അടിമപ്പെട്ടവരുടെ ചികിത്സയും പുനരധിവാസവും ലക്ഷ്യമിടുന്ന **Toofan Care** എന്നീ ഘടകങ്ങളും സമാന്തരമായി നടപ്പിലാക്കിവരുന്നു. മയക്കുമരുന്ന് ഉറവിടങ്ങളെക്കുറിച്ചുള്ള രഹസ്യവിവര ശേഖരണവും വിശകലനവും കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിൽ **T-Int (Toofan Intelligence)** എന്ന പ്രത്യേക സംവിധാനം രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. നിയമനിർവഹണം, ബോധവൽക്കരണം, പുനരധിവാസം എന്നീ മേഖലകളെ സമന്വയിപ്പിച്ചു കൊണ്ട് ലഹരിവിമുക്ത സമൂഹം സൃഷ്ടിക്കുന്നതിനുള്ള സമഗ്ര ഇടപെടലായാണ് ഓപ്പറേഷൻ തൂഫാൻ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്.

**(ബി)** പൗരന്മാരെ വിശിഷ്യ യുവജനങ്ങളെയും വിദ്യാർത്ഥികളെയും സ്വാധീനിക്കുന്ന ലഹരി മാഫിയയെ പിടികൂടാൻ സ്കൂൾ, കോളേജ് പരിസരങ്ങളിൽ കൂടുതൽ പോലീസുകാരെ വിന്യസിച്ചു കൊണ്ട് ഓപ്പറേഷൻ തൂഫാൻ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** നിലവിൽ സംസ്ഥാനത്തെ 84 പോലീസ് സബ് ഡിവിഷനുകളിലുമായി, ഓരോ സബ് ഡിവിഷനിലും 4 ടീം വീതം ക്രമീകരിച്ചിട്ടുള്ളതും, ഓരോ ടീമിലും 4 പോലീസ് ഉദ്യോഗസ്ഥരെ വീതം നിയമിച്ച്, "ഓപ്പറേഷൻ തൂഫാൻ, ദി നാർകോ ഹണ്ട്" ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ എല്ലാ തലങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനായി "തൂഫാൻ വോറിയേഴ്സ്" എന്ന ജനകീയ ശൃംഖല രൂപീകരിക്കുന്നുണ്ട്. വിദ്യാർത്ഥികൾ, യുവജന സംഘടനാ പ്രവർത്തകർ, അധ്യാപകർ, കുടുംബശ്രീ പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷൻ അംഗങ്ങൾ, സാംസ്കാരിക-സാമൂഹിക രംഗത്തെ പ്രമുഖർ, കലാകാരൻമാർ, കായികതാരങ്ങൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരെ തൂഫാൻ വോറിയർമാരായി ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ലഹരിവിരുദ്ധ പ്രചാരണത്തിന്റെ ഭാഗമായി സമൂഹത്തിൽ വലിയ സ്വാധീനമുള്ള വ്യക്തികളെയും ഈ പദ്ധതിയുമായി സഹകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**